**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3493** **14-07-2022 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ ഇപ്പോൾ എത്ര യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളാണ് പ്രവർത്തിച്ചുവരുന്നത്; ഇവ അനുവദിക്കുന്നതിനുള്ള മാണദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ; | (എ) | **കേരള സർവകലാശാലയുടെ കീഴിൽ നിലവിൽ 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു.ഐ.ടി.) കളാണ് പ്രവർത്തിച്ചുവരുന്നത്. കേരള സർവകലാശാല ആക്ട് 1974 സെക്ഷൻ 5 (xxiii), സെക്ഷൻ 19 (2)f, സെക്ഷൻ 23 (vii) എന്നീ വകുപ്പുകൾ പ്രകാരമാണ് യു.ഐ.ടി. കൾ സ്ഥാപിച്ചിരിക്കുന്നത്.** |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് യൂണിവേഴ്സിറ്റിയോ സർക്കാരോ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. യു.ഐ.ടി.കളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സർവകലാശാല സ്വീകരിച്ചുവരുന്നു. സർവകലാശാല നേരിട്ടും അതാത് യു.ഐ.ടി. കളിലെ PTA ഫണ്ട് ഉപയോഗിച്ചുമാണ് പ്രസ്തുത പ്രവർത്തനങ്ങൾ കൈക്കൊണ്ടു വരുന്നത്. കൂടാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന യു.ഐ.ടി. കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിയമസഭാ സാമാജികരുടെയും സഹായത്തോടെ സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള ശ്രമം സർവകലാശാല നടത്തുന്നുണ്ട്. ഫർണിച്ചർ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിലേക്കായി സർവകലാശാല ബജറ്റിൽ എല്ലാ വർഷവും നിശ്ചിത തുക വകയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ